"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി. സിനി ഗോപാലകൃഷ്ണന് 2008 ൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരം കൈപ്പറ്റിയ 43,000 രൂപ, ലൈഫ് നിരക്കായ നാല് ലക്ഷത്തിൽ നിന്നും കുറവ് ചെയ്ത് ബാക്കി തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1063/2024/LSGD തീയതി,തിരുവനന്തപുരം, 18-06-2024

---

പരാമർശം:-

1. മണീട് ഗ്രാമപഞ്ചായത്തിന്റെ 30.05.2023 ലെ 1/8 നമ്പർ യോഗ തീരുമാനം
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 06/03/2024-ലെ യോഗത്തിന്റെ ഖണ്ഡിക 4.15 തീരുമാനം.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി. സിനി ഗോപാലകൃഷ്ണൻ 2008-ൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ഈ പദ്ധതിയുടെ ധനസഹായ തുകയായ 75,000 രൂപയിൽ രണ്ടു ഗഡുക്കളായി 43,000 രൂപ കൈപറ്റിയെങ്കിലും വീടിന്റെ തറ നിർമ്മാണം മാത്രമാണ് പൂർത്തിയാക്കിയത്. കൈപറ്റിയ തുക തിരിച്ചടക്കണമെന്ന നിബന്ധന ഒഴിവാക്കി ടിയാരിക്ക് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിക്കുന്നതിന് പരാമർശം (1) പ്രകാരം മണീട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയുണ്ടായി .

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06/03/2024-ലെ യോഗം ഈ വിഷയം പരിശോധിച്ചു. ശ്രീമതി. സിനി ഗോപാലകൃഷ്ണന്, 2008 ൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരം കൈപ്പറ്റിയ 43,000 രൂപ, ലൈഫ് നിരക്കായ നാല് ലക്ഷത്തിൽ നിന്നും കുറവ് ചെയ്ത് ബാക്കി തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, മണീട് ഗ്രാമപഞ്ചായത്ത്, എറണാകുളം

ശ്രീമതി. സിനി ഗോപാലകൃഷ്ണൻ( മണീട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 18-06-2024 15:26:02

സെക്ഷൻ ഓഫീസർ